# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## മലമ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി-14/923/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 01/08/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി-14/923/24 തീയ്യതി: 01/08/2024

## പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-07-2023 മുതൽ 08-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിൽകുമാർ.ടി | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2024 | 19-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-06-2024 | 19-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പ്രീത.യു ഓഡിറ്റ് ഓഫീസർ
താരീഖ് എം.എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
കാർത്തിക. പി സീനിയർ ഗ്രേഡ് ഓഡിറ്റർ
ലിക്സി അലക്സ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കുമാരി രാധിക മാധവൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ പ്രവീൺ.പി.ഐ | സെക്രട്ടറി | 01-04-2023 | 06-07-2023 |
| ശ്രീ മഹേഷ് ബാബു പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-07-2023 | 18-07-2023 |
| ശ്രീമതി ശ്രീകുമാരി ടി.വി | സെക്രട്ടറി | 19-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.രഹന എം.രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.ജയപ്രസാദ് ടി.കെ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2023 | 31-03-2024 |
| ഡോ.മനേഷ് കുമാർ കെ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2023 | 15-02-2024 |
| ഡോ. നവനീത കെ.പി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 16-02-2024 | 31-03-2024 |
| ഡോ. ശ്രീഹരി എസ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി ശാരദ എം.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-01-2024 |
| ശ്രീമതി സ്മിത എം.ഇ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-02-2024 | 31-03-2024 |
| ശ്രീമതി ഷീബാ ദേവി | ഹെഡ് മിസ്ട്രസ്സ്,ജി.എൽ.പി.എസ് | 01-04-2023 | 30-04-2023 |
| ശ്രീമതി ബിന്ദു കെ | ഹെഡ് മിസ്ട്രസ്സ്,ഇൻചാർജ് ജി.എൽ.പി.എസ് | 01-05-2023 | 29-06-2023 |
| ശ്രീമതി ജ്യോതി എം.ജി | ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ് | 30-06-2023 | 31-03-2024 |
| ശ്രീ ജിജി. ജെ | കൃഷി ഓഫീസർ | 01-04-2023 | 18-08-2023 |
| ശ്രീമതി നിമ കെ | കൃഷി ഓഫീസർ | 19-08-2023 | 31-03-2024 |
| ശ്രീ തങ്കരാജ്. പി | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീ വിനീത് കുമാർ.എസ് | അസി. എഞ്ചിനീയർ | 01-04-2023 | 14-07-2023 |
| ശ്രീമതി റീജ.എസ്. രാജ് | അസി. എഞ്ചിനീയർ | 15-07-2023 | 20-07-2023 |
| ശ്രീമതി ആഭമോൾ കെ.വി | അസി. എഞ്ചിനീയർ | 21-07-2023 | 31-03-2024 |
| ശ്രീമതി ശ്രുതി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 28-07-2023 |
| ശ്രീമതി ദിവ്യ.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-07-2023 | 11-09-2023 |
| ശ്രീമതി പ്രിയങ്ക യു.ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 12-09-2023 | 31-03-2024 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | Capital Work In Progress - ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തിക്കായി ചെലവഴിച്ച തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4പ്രകാരമുള്ള നീക്കിയിരുപ്പ് -കൃത്യത വ്യക്തമല്ല | 1-1-5 |
| 7 | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള ആയുഷ് ഫണ്ട് നീക്കിയിരുപ്പ് കൃത്യമല്ല | 1-1-6 |
| 8 | RP-49 Advance To Others-Receipt-രജിസ്റ്ററിലും വാർഷികധനകാര്യപത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-7 |
| 9 | അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമല്ല | 1-1-8 |
| 10 | ഇടപാടുകൾ ഒന്നും നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നത് പുനക്രമീകരിക്കേണ്ടതാണ് | 1-11 |
| 21 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ - ബൈലോ | 1-12 |
| 22 | വാടകയിനത്തിൽ തുക ഈടാക്കാനവശേഷിക്കുന്നു | 1-13 |
| 23 | വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-14 |
| 24 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-15 |
| 25 | തെരുവ് വിളക്ക് പരിപാലനം | 1-16 |
| 26 | ഹെൽത്ത് ഗ്രാന്റ് /ആയുഷ് ഫണ്ട്- വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ് | 1-17 |
| 27 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-18 |
| 28 | കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-19 |
| 29 | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല | 1-20 |
| 30 | എസ്.സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-21 |

| | | |
|---|---|---|
| 31 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 32 | എസ് എസ് എ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-23 |
| 33 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം -അവലോകനം | 1-24 |
| 34 | ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം - സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-25 |
| 35 | കുടിവെള്ള പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-26 |
| 36 | പഞ്ചായത്ത് ഓഫീസ് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ അനുബന്ധ സൌകര്യങ്ങൾ സജ്ജീകരിക്കൽ – കരാറിലേർപ്പെട്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-27 |
| 37 | ദുരന്ത മാനേജ്മെന്റ് പദ്ധതി-കാലികമാക്കിയിട്ടില്ല | 1-28 |
| 38 | എം ജി എൻ ആർ ഇ ജി എസ് -മരാമത്ത് പ്രവർത്തികൾക്ക് സാധനസാമഗ്രികൾ സമാഹരിച്ചത് പ്രൊക്യുർമെന്റ് കമ്മറ്റി അംഗീകരിച്ചിട്ടില്ല. | 1-29 |
| 39 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യസംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ-പ്രവർത്തനാവലോകനം | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Annual Financial Statements | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കമ്മിറ്റി തീരുമാനം 1/15.05.2024 പ്രകാരം തയ്യാറാക്കി 15-05-2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്ന. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായ, മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

സ്ഥലം : പാലക്കാട്
തീയതി : 01.08.2024

**1-1-2 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല**

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

**1-1-3 Capital Work In Progress - ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(b) പ്രകാരം Capital Work In Progress - മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

**1-1-4 നിക്ഷേപ പ്രവൃത്തിക്കായി ചെലവഴിച്ച തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല**

നിക്ഷേപ പ്രവൃത്തിക്കായി മെഡിക്കൽ ഓഫീസർ, FHC മുഖേന (FHCയിൽ സോളാർ സ്ഥാപിക്കൽ) അനർട്ടിന് തൻവർഷം കൈമാറിയ തുക 803372/- രൂപയുടെ വിനിയോഗവിവരം തൻവർഷം ലഭ്യമായിട്ടില്ല. പ്രസ്തുത തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18- Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-5 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4പ്രകാരമുള്ള നീക്കിയിരുപ്പ് -കൃത്യത വ്യക്തമല്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4പ്രകാരമുള്ള താഴെപ്പറയുന്ന ഹെഡ്ഡുകളിലെ നീക്കിയിരുപ്പ് (സംയുക്ത പദ്ധതികളുടെ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ 2019-20സാമ്പത്തിക വർഷം മുതൽ ടി ഹെഡ്ഡുകളിൽ ബാലൻസായി അവശേഷിക്കുന്നു. ആയത് ഏത് പദ്ധതികൾ പ്രകാരമുള്ള നീക്കിയിരുപ്പാണെന്ന് വ്യക്തമാക്കുന്ന രേഖകൾ നിലവിലില്ല.

| ക്രമ നം | കോഡ് | ഹെഡ് | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1704055 |
| 2 | 320700304 | ടി | 375000 |
| 3 | 320700404 | ടി | 200510 |
| 4 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 2573198 |

**1-1-6 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള ആയുഷ് ഫണ്ട് നീക്കിയിരുപ്പ് കൃത്യമല്ല**

ആയുഷ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ അടങ്കൽ തനത് ഫണ്ടായാണ് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | So183/24-ഹോമിയോ ഹോസ്പിറ്റലിൽ യോഗാ ഹാൾ സജ്ജീകരിക്കൽ | 100000 | 71835 |
| 2 | So184/24 – ആയുർവ്വേദ ഡിസ്പെൻസറിയിൽ വെൽനസ്സ് സെന്റർ സജ്ജീകരിക്കൽ | 350000 | 298398 |

അടങ്കൽ തെറ്റായി രേഖപ്പെടുത്തിയതിനാൽ മേൽ പ്രൊജക്ടുകൾ പ്രകാരമുള്ള ചെലവുകൾ

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള ഹെഡ്ഡുകളിലെ (320200207, 320200208) നീക്കിയിരുപ്പുകളിൽ കുറച്ചിട്ടില്ല.

**1-1-7 RP-49 Advance To Others-Receipt-രജിസ്റ്ററിലും വാർഷികധനകാര്യപത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു**

RP-49 (Advance To Others-Receipt) – അഡ്വാൻസ് രജിസ്റ്റർ പ്രകാരം -789464. RP-49 ഷെഡ്യൂൾ പ്രകാരം ആയത് 742724/- ആണ്.

**1-1-8 അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമല്ല**

അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമായിരിക്കേണ്ടതാണ്. എന്നാൽ വാർഷിക കണക്കിലെ ഷെഡ്യൂൾ RP-4 പ്രകാരം Fees & User Charges ആകെ 1219116/-രൂപയും, I-4 ഷെഡ്യൂൾ പ്രകാരം 1433216/-രൂപയും ആണ്.

**1-1-9 ഇടപാടുകൾ ഒന്നും നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല.**

താഴെക്കൊടുത്തിരിക്കുന്ന ഇടപാടുകൾ ഒന്നും നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല.പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്യാത്തവയാണ്.

1)HDFC, താരേക്കാട് – ശുചിത്വ മിഷൻ - (-34026)

2)കാനറാ ബാങ്ക്, മലമ്പുഴ - ലിറ്ററസി പ്രോഗ്രാം - (-48119)

3)HDFC,താരേക്കാട് – CFLTC - (-69830)

4)SBI , ശേഖരീപുരം– MGNREGS -(-59498) -Holding Account

**1-2 ബജറ്റ്**

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.

24.03.2023ന് ചേർന്ന യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിടുണ്ട്. 08.02.2024 ന് ചേർന്ന യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | തൻവർഷം വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 6410240 | 170012000 | 176422240 | 21022000 | 155400240 |

പരിഷ്ക്കരിച്ച ബജറ്റ്

| മുന്നിരിപ്പ് | തൻവർഷം വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 8739735 | 215,677200 | 224416935 | 217,267200 | 7149735 |

**1-3 സാമ്പത്തിക വിശകലനം**

റസീപ്റ്റ് & പേമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള കണക്ക്

| | |
|---|---|
| മുന്നിരിപ്പ് | 34015115 |
| വരവ് | 44127185 |
| ആകെ | 78142300 |
| | |

| | |
|---|---|
| ചെലവ് | 29517081 |
| നീക്കിയിരിപ്പ് | 48625219 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 33072000 | 33072000 | 26284376 | 6787624 |
| വികസനഫണ്ട് - എസ്.സി.പി | 0 | 6182000 | 6182000 | 4342239 | 1839761 |
| വികസനഫണ്ട് - ടി.എസ്.പി | 0 | 3894000 | 3894000 | 2689914 | 1204086 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 7164650 | 7164650 | 1368979 | 5795671 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3028600 | 3028600 | 2893315 | 135285 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | 11008099 | 4107500 | 15115599 | 2464835 | 12650764 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് - ഗ്രാന്റ്- ബാങ്ക് | 3002631 | 5916591 | 8919222 | 3148091 | 5771131 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 2245401 | 1218263 | 3463664 | 1297655 | 2166009 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 719610 | 1790186 | 2509796 | 660000 | 1849796 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Total Sanitation | 1799140 | 31543 | 1830683 | 180023 | 1650660 |
| Solid Waste Management | 0 | 132000 | 132000 | 132000 | 0 |
| Health Grant (Diagnostic Infrastructure To PHCs) | 220841 | 701056 | 921897 | 258611 | 663286 |
| Health Grant | 136927 | 309421 | 446348 | 324815 | 121533 |

| | | | | | |
|---|---|---|---|---|---|
| Health Grant (Towards Buildingless PHCs & Subcentres | 0 | 5611000 | 5611000 | 0 | 5611000 |
| Homoeopathy | 500000 | 0 | 500000 | 0 | 500000 |
| Ayurveda | 500000 | 0 | 500000 | 29998 | 470002 |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 210 | 234684407 | 131 | 51784279 | 79 | 62 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 62% ത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 22% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 8250000 | 5427020 | 66 |
| വെറ്ററിനറി സർജ്ജൻ | 11 | 10 | 4928300 | 964755 | 20 |
| മെഡിക്കൽ ഓഫീസർ-PHC | 19 | 15 | 7219562 | 4457309 | 62 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 6 | 4 | 690000 | 608116 | 88 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 280000 | 264229 | 94 |
| വി.ഇ.ഒ | 27 | 16 | 151194823 | 17195480 | 11 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15 | 9 | 8274900 | 5250213 | 63 |
| സെക്രട്ടറി | 45 | 31 | 15254343 | 9011183 | 59 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 65 | 26 | 35370479 | 7022009 | 20 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1200000 | 448507 | 37 |
| ഹെഡ്മാസ്റ്റർ,GLPS | 12 | 10 | 2022000 | 1135458 | 56 |
| ആകെ | 210 | 131 | 234684407 | 51784279 | 22 |

നിർവ്വഹണോദ്യോഗസ്ഥരായ വി.ഇ.ഒ, വെറ്ററിനറി സർജ്ജൻ, അസി.എഞ്ചിനീയർ എന്നിവരുടെ പദ്ധതിച്ചെലവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ

20%ത്തോളം മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

## 1-6 തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 805 | 1169 | 1974 | 1974 | 0 |
| തൊഴിലാളികളുടെ വേതനം | 0 | 37947000 | 37947000 | 37947000 | 0 |
| ആകെ | 805 | 37948974 | 37948974 | 37948974 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1369200 | 133 |
| 2 | വാർദ്ധക്യകാല പെൻഷൻ | 10853000 | 1081 |
| 3 | വികലാംഗ പെൻഷൻ | 1834300 | 160 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 305000 | 30 |
| 5 | വിധവാ പെൻഷൻ | 6352400 | 604 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-06-2024 തിയതിയിൽ 2.30 P.M. ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2300 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2026 വർഷം വരെ പ്രാബല്യത്തിലുണ്ട്. പൗരാവകാശ രേഖ 22-23ലാണ് അവസാനമായി പുതുക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

സദ്ഭരണത്തിന്റെ ഭാഗമായി ഇ-ഗവേണൻസ്, സ്ഥാപനത്തിലും, ഘടകസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. തൻവർഷം അക്കൗണ്ടിംഗ്, തനത് ഫണ്ട് രേഖകൾ എന്നിവ ILGMS സംവിധാനത്തിലൂടെയാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

14-ാം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വർക്കിങ്ങ് ഗ്രൂപ്പ് മേഖലകളുടെ അവസ്ഥാ രേഖ സ്ഥാപനം തയ്യാറാക്കിയിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പുകൾ 4 തവണയും, ഊരുകൂട്ടയോഗങ്ങൾ

2024-25 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഒരു തവണയും കൂടിയിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സുകൾ ക്ലോസ് ചെയ്തിട്ടില്ല.

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല . ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സാമ്പത്തിക വർഷം മിനിട്ട്സ് തയ്യാറാക്കിയതിൽ 3മാസം വരെ കാലതാമസം ഉണ്ടായിട്ടുണ്ട്. മിനിട്ട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്. മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന സാമ്പത്തിക വർഷം നടത്തിയ പർച്ചേസുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതിക്കുള്ള സാധനസാമഗ്രികളുടെ സമാഹരണവും പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരിച്ചിട്ടില്ലാത്തതായി മിനുട്ട്സ് പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടു

കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ ഇനം തിരിച്ച കണക്ക് രേഖപ്പെടുത്തിയ തെരുവുവിളക്കുകളുടെ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ആസ്തി പരിപാലനം

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-Track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം എല്ലാ വർഡുകളിലുമുള്ള റോഡുകൾ, കെട്ടിടങ്ങൾ എന്നിവയുടെ സർവ്വെ പൂർത്തീകരിച്ച് അവ ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന്റെ ഭാഗമായി R-Track ൽ അപ്ഡേറ്റ് ചെയ്യുന്ന നടപടികൾ നടന്നുവരുന്നു.സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.
പതിനാലാം പഞ്ചവത്സര പദ്ധതി സ.ഉ.(കൈ) നം-84/2022/ ത സ്വഭവ , തീയ്യതി 19-04-2022 ഖണ്ഡിക 7.2 (1) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം 2020 ൽ തയ്യാറാക്കിയ ദുരന്തമാനേജ്മെന്റ് പദ്ധതി കാലികമായി പരിഷ്ക്കരിച്ചിട്ടില്ല.

2003 ൽ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം (ചട്ടം 3 ) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

പദ്ധതി മോണിട്ടറിങ്ങ്

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കരാറുകാർ സമയബന്ധിതമായി കരാറിലേർപ്പെടുന്നു എന്നും കരാറിനനുസൃതമായി വിവിധ പദ്ധതികളുടെ പൂർത്തീകരണം നടക്കുന്നു എന്നും മോണിട്ടർ ചെയ്യേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

25.02.2023 മുതൽ 7.03.23 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2017-18 മുതൽ 2021-22 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്.

24.08.2022 ൽ നടന്ന പെർഫോമൻസ് ഓഡിറ്റ് 08/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**1-11 ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നത് പുനക്രമീകരിക്കേണ്ടതാണ്**

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് പുനർ നാമകരണം ചെയ്ത ഈ ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കം സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ പ്രകാരമുള്ള പരിഷ്കരിച്ച ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിഭാഗം | മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| 2 | മിനി എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 1000 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും | |
| 3 | സ്മാൾ എന്റർപ്രൈസസ് | ഉൽപാദന മേഖല | ഒരു കോടി രൂപയിൽ കൂടുതലും 5 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 5000 |
| | | സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും | |
| 4 | മീഡിയം എന്റർപ്രൈസസ് | ഉൽപാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 10000 |
| | | സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും | |
| 5 | ലാർജ് എന്റർപ്രൈസസ് | ഉൽപാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| | | സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപങ്ങൾ തമ്മിൽ അന്തരമുണ്ടെങ്കിലും ഈടാക്കുന്ന ലൈസൻസ് ഫീയിൽ വലിയ വ്യത്യാസമില്ല.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപനഉടമയുടെ പേര് | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കാവുന്ന പരമാവധി ഫീസ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 63 | മനോമിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് | ഡോ. പ്രേമദാസൻ. സി.ഡി. | 50.64 ലക്ഷം | 4000 | 5000 |
| 2 | 86 | ഫാന്റസി പാർക്ക് | മാനേജിംഗ് ഡയറക്ടർ, നിയോടെക്ക് അമ്യൂസ്മെന്റ് റിസോർട്ട്സ് പ്രൈ.ലി. | 8.9 കോടി | 5000 | 15000 |
| 3 | 88 | സി.എസ്.കൃഷ്ണനുണ്ണി | ഹോട്ടൽ ഗോവർദ്ധന (ബാർ) | 2.88 കോടി | 5000 | 10000 |
| 4 | 89 | സി.എസ്.കൃഷ്ണനുണ്ണി | ഹോട്ടൽ ഗോവർദ്ധന | 2.88 കോടി | 5000 | 10000 |

ആയതിന്റെ കാരണം ലഭ്യമാക്കാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണ(നം.8/13-6-2024)ത്തിന് മറുപടിയായി, മേൽ സ്ഥാപനങ്ങൾക്ക് 14-06-2024 തിയതിയിൽ ലൈസൻസ് ഫീസ് അടവാക്കുന്നതിനായി കത്ത് നല്കിയിട്ടുണ്ടെന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.
സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപത്തിന് അനുസൃതമായി ഈടാക്കേണ്ട ലൈസൻസ് ഫീ നിശ്ചയിക്കേണ്ടതാണ്. മേൽ വിഷയം പരിശോധിച്ച് ലൈസൻസ് ഫീ പുനക്രമീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-12 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ - ബൈലോ**

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നടത്തിപ്പിനായി നിലവിൽ ബൈലോ നിലവിലില്ല. ബൈലോ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.9/13-06-2024) മറുപടിയായി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കിയിട്ടുള്ളതാണെന്നും ആയത് ഭരണസമിതി അംഗീകാരത്തിനു ശേഷം സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്നും സർക്കാർ അംഗീകാരം ലഭ്യമായതിനു ശേഷം ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അധികൃതർ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ്.

**1-13 വാടകയിനത്തിൽ തുക ഈടാക്കാനവശേഷിക്കുന്നു**

പഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം K.S.E.B.യ്ക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. (കെട്ടിട നം -12/455). ആയതിൽ തൻ വർഷത്തെ കുടിശ്ശിക 9040 രൂപയും 21-22 വർഷത്തെ കുടിശ്ശിക 17221 രൂപയും ചേർത്ത് ആകെ കുടിശ്ശിക 26261 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന്(നം.9/13-06-2024) മറുപടിയായി, 03/2024 ലെ കുടിശ്ശിക തുക 9040 രൂപ 18-04-2024 തിയതിയിൽ 1240400166 രസീതി പ്രകാരം അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മുൻവർഷത്തെ കുടിശ്ശിക തുകയായ 17221 രൂപ അടവാക്കാനായി K.S.E.B. ക്ക് 14-06-2024 ന് കത്ത് നല്കിയിട്ടുണ്ടെന്നും അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-14 വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്**

2023-2024 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി കുടിശ്ശികയുടെ വിവരം താഴെ കൊടുക്കുന്നു.

റെസിഡെൻഷ്യൽ കെട്ടിടങ്ങൾ

തൻ വർഷകുടിശ്ശിക - 262646 രൂപ

മുൻ വർഷങ്ങളിലെ കുടിശ്ശിക – 135131 രൂപ

നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങൾ

തൻ വർഷകുടിശ്ശിക – 238680 രൂപ

മുൻ വർഷങ്ങളുലെ കുടിശ്ശിക – 541342 രൂപ

ആകെ കുടിശ്ശിക – 1177799 രൂപ

മേൽ കൊടുത്തിരിക്കുന്ന കുടിശ്ശിക ഈടാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് (നം.20/15-06-2024) മറുപടിയായി , കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി ബന്ധപ്പെട്ട വാർഡ് ക്ലാർക്കുമാർക്ക് ഓഫീസ് ഉത്തരവുപ്രകാരം ചുമതല നല്കിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ എല്ലാ വാർഡുകളിലും ഡിമാന്റ് നോട്ടീസ് വിതരണം നടത്തുകയും ക്യാമ്പ് കളക്ഷൻ സംഘടിപ്പിക്കുകയും ചെയ്തിട്ടുള്ളതായും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഗവൺമെന്റ് കെട്ടിടങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-15 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ഡെപ്പോസിറ്റ് വർക്കിനു തുക നൽകിയ വിവരം | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | 226/24തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 12580 | KSEB,മലമ്പുഴക്ക് നൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല |
| 2 | 215/24സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 414936 | KSEB,മലമ്പുഴക്ക് നൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല |
| 3 | 216/24, തെക്കെ മലമ്പുഴ പോസ്റ്റ് സ്ഥാപിക്കലും ലൈൻ ദീർഘിപ്പിക്കലും | 221220 | KSEB,മലമ്പുഴക്ക് നൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല |
| 4 | 136/24എം സി എഫ് | 10040 | KSEB,മലമ്പുഴക്ക് നൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല |
| 5 | 126/24, കുടുംബാരോഗ്യകേന്ദ്രത്തിൽ സോളാർ സ്ഥാപ്പിക്കൽ | 6,75000 | *അനർട്ട് , പാലക്കാടിനു കൈമാറിയിട്ടുണ്ട്. |

* എ എഫ് എസ്സിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രത്യേക ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം (7/12-06-24 ) മറുപടിയിൽ കെ.എസ്.ഇ.ബിയിൽ നിന്നും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ചെലവഴിക്കാതെ തുക അവശേഷിക്കുന്നുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്.

**1-16 തെരുവ് വിളക്ക് പരിപാലനം**

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചെലവുകളുടെ രേഖകൾ പരിശോധിച്ചതിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്ജ്**

2023-24 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ആകെ 19,74358/-രൂപ കെ.എസ്.ഇ.ബി മലമ്പുഴ , ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. ഇലക്ട്രിക് പോസ്റ്റ് മാറ്റി വയ്ക്കൽ, തെരുവുവിളക്ക് റിപ്പയറിങ്ങ് ,സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്നിവയ്കായി പ്രോജക്ട് വെച്ച് 11,88101- രൂപയും കൂടി ആകെ 3162459- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 , കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ), തെരുവുവിളക്കുകൾക്ക് മീറ്ററിങ്ങ് ഏർപ്പെടുത്തൽ- പരിഷ്ക്കരിച്ച മാർഗ്ഗരേഖ സർക്കുലർ നം 65529/ഡി.സി3/12/ത.സ്വ.ഭ.വ/12.03.2013 എന്നിവ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . ആയത് പാലിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്തിൽ തെരുവുവിളക്ക് മീറ്റർ സമ്പ്രദായം ഭാഗികമായി ഏർപ്പെടുത്തിയിട്ടുണ്ട്.

മീറ്ററിങ്ങ് പൂർത്തീകരിച്ച വാർഡുകളുടെ എണ്ണം, തെരുവ് വിളക്കുകളുടെ ഇനം തിരിച്ച കണക്ക് രേഖപ്പെടുത്തിയ തെരുവുവിളക്കുകളുടെ ആസ്തി രജിസ്റ്റർ/ സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം (11/13.06.24) മുഖേന ആവശ്യപ്പെട്ടിരുന്നു.എന്നാൽ തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഏതൊക്കെ ഇനങ്ങളിലുള്ള ബൾബുകളാണ് ഉള്ളതെന്ന് അറിയുവാൻ സാധ്യമല്ല. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് പഞ്ചായത്ത് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

നിർദ്ദേശം

1. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്കുകൾ പഞ്ചായത്തിൽ ഇല്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നീ വിവരങ്ങൾ കാണിക്കുന്ന ആസ്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

2. കെ എസ് ഇ ബി യുമായി സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.എല്ലാ വാർഡിലുമുള്ള തെരുവുവിളക്കുകൾക്ക് ഘട്ടം ഘട്ടമായി മീറ്ററിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-17 ഹെൽത്ത് ഗ്രാന്റ് /ആയുഷ് ഫണ്ട്- വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്**

സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ഹെൽത്ത് ഗ്രാന്റ് താഴെ പറയും പ്രകാരം നീക്കിയിരുപ്പായി അവശേഷിക്കുന്നു. ആരോഗ്യ മേഖലയിൽ പ്രസ്തുത ഗ്രാന്റിന്റെ വിനിയോഗം എത്രമാത്രം കാര്യക്ഷമമമാണ് എന്ന് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് അന്വേഷണത്തിന് (6/13.06.24) ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുമുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് | സ്കീം | നീക്കിയിരുപ്പ് |
|---|---|---|---|
| 1 | 320100201 | Health Grant (Diagnostic Infrastructure To PHCs) | 121533 |
| | | | |

| | | | |
|---|---|---|---|
| 2 | 320100202 | Health Grant -Do- | 663286 |
| 3 | 320100203 | Health Grant (Towards Buildingless PHCs & Subcentres | 5611000 |
| 4 | 320200207 | Ayurveda (Ayush) | 171604 |
| 5 | 320200208 | Homoeopathy (Ayush) | 428165 |

മലമ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ 5 സബ്സെന്ററുകൾ ഉണ്ട്. (ആനക്കൽ, കടുക്കാംകുന്നം, എലിവാൽ, കുനുപ്പുള്ളി, FHC Main Centre, മലമ്പുഴ). ഈ കേന്ദ്രങ്ങളിൽ ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 23-24 സാമ്പത്തിക വർഷം 6,30926/-രൂപ ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം ലഭ്യമായ Health Grant Health Grant- 56,11,000/- (Towards Buildingless PHCs & Subcentres) അസി. എഞ്ചിനീയർ മുഖേന നിർവ്വഹിക്കേണ്ടിയിരുന്ന താഴെപ്പറയുന്ന പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

| പ്രൊജക്ട് | അടങ്കൽ (₹) |
|---|---|
| 207/24 – ആനക്കൽ ഹെൽത്ത് സബ്ബ്സെന്റർ കെട്ടിട നിർമ്മാണം | 2775000 |
| 208/24- എലിവാൽ ഹെൽത്ത് സബ്ബ്സെന്റർ കെട്ടിട നിർമ്മാണം | 2775000 |

അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നിർവഹണം നടത്തുന്ന മേൽ ഹെൽത്ത് ഗ്രാന്റ് പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച വിശദീകരണം ചുവടെ ചേർക്കുന്നു.

രണ്ടു പ്രവർത്തികളും ടെൻഡർ ചെയ്തു എഗ്രിമെന്റ് വെച്ചിട്ടുണ്ട്. നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുകളഞ്ഞാൽ മാത്രമേ ഈ സ്ഥാനത്തു പുതിയ കെട്ടിടങ്ങളുടെ പണി ആരംഭിക്കുവാൻ കഴിയുകയുള്ളു . കെട്ടിടങ്ങൾ പൊളിച്ചുകളയുന്നതിനു ജില്ലയിലെയും, സംസ്ഥാനത്തെയും മേലുദ്യോഗസ്ഥരുടെ അനുമതി ആവശ്യമാണ്. ആയതിനാൽ തുടർ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തിലേക്ക് കത്ത് കൊടുത്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ ഊരുകളായ മേൽ പ്രദേശങ്ങൾ ഉദ്ദേശം 15 കിലോമീറ്ററോളം മലമ്പുഴ സെന്ററിൽ നിന്നും അകലെയാണ്. പ്രദേശവാസികൾക്ക് അത്യന്തം പ്രയോജനപ്രദമായ മേൽ പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ആയുഷ് ഫണ്ടിന്റെ വിനിയോഗം

സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതികൾക്ക് ആയുഷ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്.
1. പ്രൊജക്ട് നം-184/24ആയുർവ്വേദ ഡിസ്പെൻസറിയിൽ വെൽനസ് സെന്റർ സജ്ജീകരിക്കൽ

അടങ്കൽ -350000

ചെലവ് - 298398

ടി പ്രവർത്തി പൂർത്തീകരിച്ചു ബിൽ പാസ്സായതാണ്.

2) 183/24 ഹോമിയോ ഡിസ്പെൻസറിയിൽ യോഗ ഹാൾ സജ്ജീകരിക്കൽ

അടങ്കൽ -100000

ചെലവ് - 71835

ടി പ്രവർത്തി പൂർത്തീകരിച്ചു ബിൽ പാസ്സായതാണ്.
സാമ്പത്തിക വർഷം ആയുഷ് ഫണ്ട് (ആയുർവ്വേദം) 171604/-രൂപയും, ഹോമിയോ 428165/-രൂപയും നീക്കിയിരുപ്പുണ്ട്.

ആരോഗ്യ മേഖലയിൽ പദ്ധതികൾ സമഗ്രമായി തയ്യാറാക്കി ഹെൽത്ത് ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-18 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല**

| | |
|---|---|
| പ്രോജക്ട് | 7/24 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000/-(വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 200000/- |
| ട്രഷറി ബിൽ നം. /തിയതി | 19/01-11-2023 , 200000/- |
| ഇൻവോയ്സ് നം ./തിയതി | LF -3077/27-02-2024 – 71468/-<br>LF – 3421/30-03-2024 – 32791/- |
| സപ്ലെയർ | The Kerala State Homeopathic Co-Operative Pharmacy |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 200000/- രൂപ (പ്രൊഫോർമ ഇൻവോഴ്സ് നം. PF-655/17-10-2023) ഹോംകോയുടെ അക്കൗണ്ടിലേക്ക് (നം. 34306403911, എസ്.ബി.ഐ) മാറി നൽകിയിട്ടുണ്ട്. ആയതിൽ നാളിതുവരെ ആകെ 104259/- രൂപയുടെ മരുന്നുകൾ ലഭ്യമായത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി 95741/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/19-06-2024) മരുന്നുകൾ ലഭ്യമാകുന്നതിനായി ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കി വിവരം ഒറിജിനൽ ഇൻവോയ്സുകൾ, മരുന്ന് സ്റ്റോക്കിലെടുത്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-19 കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്**

| | |
|---|---|
| പ്രോജക്ട് | 126/24 കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ സ്ഥാപിക്കൽ |
| അടങ്കൽ | 878372/-(ധനകാര്യ കമ്മിഷൻ അവാർഡ് + വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം ) |
| ചെലവ് | 803372/- |
| ചെലവ് വിവരം | Sanction Order നം.തീയതി 449/28-03-2024 - 675000/-<br>BRN No. 23140152025801272231/ 25-02-2024 - 128372/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി |

2023-24 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പാക്കുന്നതിനായി ANERT, Palakkad എന്ന സ്ഥാപനത്തിന് 803372/- രൂപ നൽകിയിട്ടുണ്ട്. 19-06-2024 തിയതിയിൽ മലമ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിൽ 10 കിലോവാട്ട് സോളാർ പവർപ്ലാന്റ് (ഓൺഗ്രിഡ്) സ്ഥാപിക്കുന്നതിനായി അനെർട്ട് പാലക്കാട് ജില്ലാ എഞ്ചിനിയറും മലമ്പുഴ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

18-06-2024 തിയതിയിൽ മലമ്പുഴ കുടുംബാരോഗ്യ കേന്ദ്രം സന്ദർശിച്ചപ്പോൾ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.കരാർ ഉടമ്പടി പ്രകാരമുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രവും ചെലവ് തുകയുടെ വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്.

**1-20 പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല**

2023-24 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, മലമ്പുഴ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ ഭാഗികമായി മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഹാജരാക്കാത്ത രേഖകൾ ഓഡിറ്റ് അന്വേഷണം (26/18.06.24) മുഖേന ആവശ്യപ്പെട്ടെങ്കിലും അവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ആകെ ചെലവ് | ഹാജരാക്കിയ ചെലവ് രേഖകൾ | ഹാജരാക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | 153/24 - ആരോഗ്യ സ്ഥാപനങ്ങളിലെ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്പിൽ ഓവർ) | 183223 | 127465 Sanction Order No. 15/08-06-2023 -69899/-, 14/08-06-2023 – 40000/-, 183/07-12-2023 – 17566/- | 55758 Sanction Order No. 18/08-06-2023 |
| 2 | 210/24 – കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 221750 | 145000 Sanction Order No. 392/25-03-2024 | 76750 Sanction Order No. 295/20-02-2024 – 27750/-, 391/25-03-2024 – 49000/- |
| 3 | 242/24 – സി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | 58320 | 23328/- BRN – 23140152025 801545271 /25-03-2024 | 34992/- BRN – 23140152025 801546468 /25-03-2024 |
| ആകെ | | | | 167500/- |

മേൽ സൂചിപ്പിച്ച പദ്ധതികളുടെ മുഴുവൻ ചെലവ് രേഖകളും ഹാജരാക്കുന്നത് വരെ 167500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-21 എസ്.സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്ട് | 192/24 എസ്.സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് |
| അടങ്കൽ | 400000/-(ധനകാര്യ കമ്മിഷൻ അവാർഡ് + ഗുണഭോക്തൃ വിഹിതം ) |
| ചെലവ് | 292500/-(ധനകാര്യ കമ്മിഷൻ അവാർഡ് ) |
| Sanction Order നം.തീയതി | 313/01-03-2024 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ഇൻവോയ്സ് നം ./തിയതി | 78/21-02-2024 |
| സപ്ലൈയർ | AMCO Traders,Mannarkkad |

2023-24 സാമ്പത്തിക വർഷത്തിൽ ആകെ 100 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. വാട്ടർ ടാങ്കിന്റെ വിലയിൽ 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുക്കുന്നതുമായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. AMCO Traders, Mannarkkad എന്ന സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരം 100 ടാങ്കുകൾക്ക് 3900/- രൂപ നിരക്കിൽ ആകെ 390000/- രൂപ സ്ഥാപനത്തിന് നൽകുവാനുണ്ട്. ആയതിൽ 75% തുകയായ 292500/-(ധനകാര്യ കമ്മിഷൻ അവാർഡ് ) രൂപ തൻവർഷം നൽകിയിട്ടുണ്ട്(280800+ജി.എസ്.ടി 7800+IT Deducted At Source 3900). ബാക്കി ഗുണഭോക്തൃ വിഹിതമിനത്തിലുള്ള 25 % ആയ 97500/- രൂപ തനത് ഫണ്ടിൽ അടവാക്കിയതിന്റെ രശീതി ഹാജരാക്കിയിട്ടുണ്ടെങ്കിലും ടി തുക നാളിതുവരെ സ്ഥാപനത്തിന് നൽകിയിട്ടില്ല.

അപേക്ഷകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ

ഉൾപ്പെട്ടവരാണ് എന്ന് തെളിയിക്കുന്ന രേഖകൾ സമർപ്പിച്ചിട്ടില്ല.അപേക്ഷ, റേഷൻ കാർഡ് കോപ്പി, ആധാർ കാർഡിന്റെ കോപ്പി എന്നിവ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 89 ടാങ്കുകൾ വിതരണം ചെയ്തതിന്റെ വിവരം മാത്രമാണുള്ളത്.ബാക്കി 11 ടാങ്കുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ നടപ്പാക്കുമ്പോൾ ഗുണഭോക്താക്കൾ ആവശ്യമായ രേഖകളെല്ലാം ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.ബാക്കിയുള്ള 11 ടാങ്കുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ 11 ടാങ്കുകളുടെ വിലയായ 42900/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.
(ഓഡിറ്റ് അന്വേഷണം നം.15/14-06-2024)

**1-22 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

2023-24 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ജനറൽ, എസ്.സി, എസ്.ടി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ച്കൊണ്ട് താഴെ പറയുന്ന പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു.

എ)ലൈഫ് മിഷൻ - ഭവന നിർമ്മാണം (ജനറൽ)

| | |
|---|---|
| പ്രൊജക്ട് നം. | 106/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 66800000/- |
| ചെലവ് | 5880000/- |

2023-24 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | വാർഡ് നം. | ആദ്യ ഗഡു കൈപ്പറ്റിയ തിയതി | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|---|
| 1 | 2 | 09-11-21 | ആനിഷിബ, W/O ഷിംജോ, വലിയകാട്, ആനക്കൽ | 360000/- | 40000/- |
| 2 | 9 | 13-01-21 | രതി, W/O ശ്യാം,ജില്ലാ ജയിൽ,മന്തക്കാട് | 200000/- | 200000/- |

ബി)ലൈഫ് മിഷൻ - ഭവന നിർമ്മാണം (എസ്.സി)

| | |
|---|---|
| പ്രൊജക്ട് നം. | 108/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 24800000/- |
| ചെലവ് | 4130957/- |

2023-24 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ ഭവന നിർമ്മാണം -എസ്.സി .പി പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താവിന്റെ ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| വാർഡ് നം. | ആദ്യ ഗഡു കൈപ്പറ്റിയ തിയതി | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 6 | 15-02-21 | സുധാ വിജയൻ, അക്കരക്കാട്, കടുക്കാംകുന്നം | 200000/- | 200000/- |

സി)ലൈഫ് മിഷൻ - ഭവന നിർമ്മാണം (ടി.എസ്.പി)

| | |
|---|---|
| പ്രൊജക്ട് നം. | 109/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 11750000/- |
| ചെലവ് | 2178506/- |

2023-24 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ ഭവന നിർമ്മാണം -ടി.എസ്.പി പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | വാർഡ് നം. | ആദ്യ ഗഡു കൈപ്പറ്റിയ തിയതി | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|---|
| 1 | 2 | 21-07-21 | തങ്ക നീലൻ, മൂപ്പൻചോല, | 400000/- | 200000/- |

| | | | | | |
|---|---|---|---|---|---|
| | | | ആനക്കൽ | | |
| 2 | 2 | 21-07-21 | ബിന്ദു.എം, വിനോദ്, കുന്നുപുറം,ആനക്കൽ | 350000/- | 250000/- |
| 3 | 3 | 19-08-21 | പ്രിജ ഉണ്ണിക്കൃഷ്ണൻ, മാതംപാറ, ആനക്കൽ | 450000/- | 150000/- |
| 4 | 3 | 09-11-21 | അഞ്ജു പ്രതീഷ്, മാതംപാറ, ആനക്കല് | 450000/- | 150000/- |
| 5 | 2 | 21-07-21 | ശാന്ത നീലൻ, മൂപ്പൻചോല, ആനക്കല് | 300000/- | 300000/- |
| 6 | 4 | 15-01-22 | നിഷ.എം, W/O ദിനേശൻ, അടപ്പുകോളനി, ചേമ്പന, മലമ്പുഴ | 300000/- | 300000/- |
| 7 | 4 | 15-01-22 | രാജാമണി ശെൽവൻ, അടപ്പുകോളനി, ചേമ്പന, മലമ്പുഴ | 400000/- | 200000/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം നം.22,23 &24/18-06-2024)

**1-23 എസ് എസ് എ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റ് നം | എസ് എസ് എ വിഹിതം |
| അടങ്കൽ | 3,92000 ( വികസന ഫണ്ട്) |
| ചെലവ് - | 3,92000 |
| ബിൽ നം 01/01-02-24 | |

നിർവഹണ ഉദ്യോഗസ്ഥൻ : എച്ച് എം, ജി എൽ പി എസ് , കടുക്കാംകുന്നം

2023-24 വർഷത്തിൽ എസ്.എസ്.എ വിഹിതം പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 3,92000- രൂപ എസ് എസ് എ പാലക്കാട് ( അക്കൌണ്ട് നം.0812101071940) അനുവദിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.8.6 (3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതതു തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗസർട്ടിഫിക്കറ്റ് സമഗ്രശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണം. പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥി/വിദ്യാർത്ഥിനികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ് .എസ്.കെ, വിദ്യാഭ്യാസവകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. എസ് എസ് എ ഫണ്ട് മുഴുവനായും ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. 19/15-06-2024 ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

**1-24 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം -അവലോകനം**

2023-24 സാമ്പത്തിക വർഷം 65 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 26 എണ്ണം മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. അടങ്കൽ - 35370479 , ചെലവ് - 7022009 (ചെലവ് ശതമാനം -20%.) വിവിധ ഫണ്ടുകളുടെ അടങ്കൽ, ചെലവ് എന്നിവ താഴെ ചേർക്കുന്നു.

| ഫണ്ട് | അടങ്കൽ | ആകെ അടങ്കലിന്റെ ശതമാനം | ചെലവ് | ആകെ ചെലവിന്റെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് -പൊതു വിഭാഗം | 3120000 | 9 | 1861314 | 27 |
| സി.എഫ്.സി | 12114741 | 34 | 2386460 | 34 |
| മെയ്ന്റനൻസ് -റോഡ് | 11347000 | 32 | 1368979 | 19 |
| മെയ്ന്റനൻസ് -നോൺ റോഡ് | 1838738 | 5 | 814476 | 12 |
| തനത് ഫണ്ട് | 1400000 | 4 | 590780 | 8 |
| ആകെ | 35370479 | | 7022009 | |

ചെലവ് ശതമാനത്തിലെയും ഗണ്യമായ കുറവ് നിർവ്വഹണോദ്യോഗസ്ഥ താഴെ പറയും പ്രകാരമാണ് വിശദമാക്കിയിട്ടുള്ളത്.(ഓഡിറ്റ് അന്വേഷണം -14/13.06.24)

ബില്ലുകൾ പാസ്സാവാത്തതിനാൽ കരാറുകാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ താല്പര്യം കാണിച്ചില്ല.പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കരാറുകാരുമായി മീറ്റിങ്ങ് നടത്തി വർക്കുകൾ തുടങ്ങുവാൻ ആവശ്യപ്പെട്ടെങ്കിലും ആരും മുന്നോട്ട് വന്നില്ല. ഫെബ്രുവരി മാസം പകുതിക്ക് ശേഷമാണ് പ്രവൃത്തികൾ ആരംഭിച്ചത്. മാർച്ചിനു ശേഷം ബില്ലുകൾ പാസ്സാവാതെ 10എണ്ണം ക്യു ബിൽ ആവുകയും ചെയ്തു. ആയതിനാൽ സാമ്പത്തിക വർഷത്തെ ചെലവിൽ ഗണ്യമായ കുറവ് സംഭവിച്ചു.

<u>സ്പിൽ ഓവർ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം നടന്നിട്ടില്ല.</u>

പല സ്പിൽ ഓവർ പ്രവൃത്തികൾക്കും കരാർ വെച്ചതിനു ശേഷം പ്രവൃത്തി പൂർത്തീകരണ കാലാവധിയും കഴിഞ്ഞാണ് കരാറുകാർ പ്രവൃത്തി നിർവ്വഹണം ആരംഭിക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | കരാർ | പ്രവൃത്തി പൂർത്തീകരണ കാലാവധി | പ്രവൃത്തി ആരംഭിച്ചത് |
|---|---|---|---|---|
| 1 | 162/24-അണ്ടർ ടണൽ വരെ ഡ്രെയ്നേജ് നിർമ്മാണം | 28/22-23/13.02.23 | 16.08.23 | 24.01.24 |
| 2 | ഹോമിയോ ഹോസ്പിറ്റൽ ബ്രാഞ്ച് റോഡ് മെയ്ന്റനൻസ് | 27/22-23/17.02.23 | 16.08.23 | 13.02.24 |
| 3 | So155/24-വിവിധ ഡി.ഡബ്ള്യൂ.എസ് മെയ്ന്റനൻസ് | 24.04.23 | 23.10.23 | പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല |
| 4 | കടുക്കാംകുന്നം വാരണി റോഡ് മെയ്ന്റനൻസ് | 4.02.23 | 3.08.23 | ടി |

പ്രവൃത്തി ആരംഭിക്കാത്ത കരാറുകാർക്കെതിരെ കേരള പൊതുമരാമത്ത് മാന്വൽ 2116.1 (Termination – Default By Contractor) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രവൃത്തി നിർവ്വഹണത്തിന് കരാറുകാർ മുന്നോട്ട് വരാത്ത സാഹചര്യം നിലവിലുള്ളതിനാണ് നടപടികൾ സ്വീകരിക്കാതിരുന്നത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്.

<u>ആസ്തികൾ കാലികമാക്കൽ - നിലവിലെ സ്ഥിതി</u>

ആസ്തിയുടെ ഡിജിറ്റലൈസേഷന് വേണ്ടി 2021-22 വർഷത്തിൽ 39000/- രൂപ വികസനഫണ്ട് (ജനറൽ) ഇനത്തിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു അതിൽ 26,000/- രൂപ ചിലവഴിച്ചിട്ടുണ്ട്. റോഡുകളുടെ ട്രാക്കിംഗ് പൂർത്തിയായിട്ടുണ്ട് , റോഡുകളുടെ വെരിഫിക്കേഷനും

പൂർത്തീകരിച്ചിട്ടുണ്ട്.വിട്ടുപോയ റോഡുകൾ ഓഫ് ലൈനിൽ ട്രാക്ക് ചെയ്തിട്ടുണ്ട് എന്നാൽ R TRACK ആപ്പിലെ കംപ്ലെയിന്റ് കാരണം ഈ റോഡുകൾ കാണുവാൻ സാധിച്ചിട്ടില്ല . KSREC ടി കംപ്ലെയിന്റ് പരിഹരിച്ചു തന്നാൽ മാത്രമേ ഈ ട്രാക്ക് ചെയ്ത റോഡുകൾ കാണാനും വെരിഫിക്കേഷൻ ചെയ്യാനും സാധിക്കുകയുള്ളു. കെട്ടിടങ്ങളുടെ ട്രാക്കിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. 14-ാം പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള റോഡ് കണക്ടിവിറ്റി മാപ്പ് ,മാസ്റ്റർ ഡ്രെയ് നേജ് പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല . (ഓഡിറ്റ് അന്വേഷണം നം -4/12.06.24) ന് അസി.എഞ്ചിനീയർ സമർപ്പിച്ച മറുപടി)

<u>ഡ്രെയ് നേജ് പ്രവൃത്തികൾ -മാസ്റ്റർ ഡ്രെയ് നേജ് പ്ലാനിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിച്ചിട്ടില്ല</u>

സാമ്പത്തിക വർഷം 3 ഡ്രെയ് നേജ് നിർമ്മാണ പ്രവൃത്തികളും, 6 ഡ്രെയ് നേജ് സംരക്ഷണ പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഡ്രെയ് നേജ് വർക്കുകൾ 14-ാം പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള നിശ്ചിത ഡ്രെയ് നേജ് പ്ലാനിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-25 ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം - സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്</u>**

പ്രൊജക്ട് -177/24 ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം (ബഹുവർഷ പ്രൊജക്ട്)

ആകെ അടങ്കൽ- 4000000 ( വികസന ഫണ്ട്-ജനറൽ)

തൻവർഷ അടങ്കൽ -1900000 - 3683526- വികസന ഫണ്ട്-ജനറൽ + 316474-CFC)

ചെലവ് - 1574153

കരാർ - 29/22-23/22.02.23

കരാറുകാരൻ - ശ്രീ സേവ്യർ ജോർജ്ജ്

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 21.02.24

മേൽ പദ്ധതി പ്രകാരം കടുക്കാംകുന്നം – വാരണി റോഡിലെ പഴയ കെട്ടിടം പൊളിച്ച് 127.47m2 വിസ്തൃതിയിൽ പുതിയത് നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിക്കായി 22.02.23ൽ കരാർ വെച്ചെങ്കിലും 10/23 നു ശേഷവും പ്രവൃത്തിനിർവ്വഹണം ആരംഭിച്ചിട്ടില്ല. 16.10.23ന് നിർവ്വഹണോദ്യോഗസ്ഥൻ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. (No-6/23-24/AE/ LID&EW/MPZA) . ആയത് പ്രകാരം പ്രവൃത്തി പൂർത്തീകരണ തീയതി 21.02.24 ആണ്. കത്തിന് കരാറുകാരൻ യാതൊരു മറുപടിയും സമർപ്പിച്ചതായി കാണുന്നില്ല. നിലവിൽ 5 പാർട്ട് ബില്ലുകളിലായി ആകെ 1836232/-രൂപ ചെലവഴിച്ചു കാണുന്നു. പ്രവൃത്തിയുടെ നിലവിലെ നിർവ്വഹണ പുരോഗതി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-17/15.06.24) നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

പഴയ കെട്ടിടം പൊളിച്ചു മാറ്റിയതിനുശേഷമാണ് പുതിയ കെട്ടിടം നിർമ്മാണം തുടങ്ങിയിട്ടുള്ളത്. നിലവിൽ 2023-24 വർഷം വകയിരുത്തിയ ഫണ്ടിന് (19ലക്ഷം രൂപ)അനുസൃതമായുള്ള പ്രവൃത്തികൾ മാത്രം 20.02.24ന് പൂർത്തീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് ടീം 18.06.24ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ Ground Floor Structure പൂർത്തീകരിച്ചതായി കണ്ടു.



പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതും, പൂർത്തീകരണവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**<u>1-26 കുടിവെള്ള പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്</u>**

താഴെപ്പറയുന്ന കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് ആയതിന്റെ

പ്രയോജനം ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

I. പ്രൊജക്ട് -So168/24 മൂപ്പൻചോല ഡി.ഡബ്ള്യു.എസ് പൂർത്തീകരണം- വാർഡ്- 2

അടങ്കൽ -500000 -തനത് ഫണ്ട്

ചെലവ് - 220547

കരാർ - 4/23-24/2.06.23

കരാറുകാരൻ - ശ്രീ സുനിൽ പോൾ

മേൽ സ്പിൽ ഓവർ പദ്ധതി പ്രകാരം നിലവിലെ തുറന്ന കിണറിൽ നിന്ന് വെള്ളം ഓവർഹെഡ് ടാങ്കിലേക്ക് പമ്പ് ചെയ്ത് Distribution Line മുഖേന ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ Overhead Tank(using Steel Structure Above The Existing Concrete Foundation With Bolted Joint), 5HP Motor, Readymade Ferrocement Pump House എന്നിവ ഉൾപ്പെടുന്നു.

പ്രസ്തുത കുടിവെള്ളപദ്ധതിയുടെ ഫയൽ പരിശോധിച്ചതിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1.പദ്ധതിയുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളുടെ ചുമതലയാണെന്ന് പ്രൊജക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

2.പദ്ധതിക്കായി 2.06.23ൽ കരാർ വെച്ചെങ്കിലും 10/23 നു ശേഷവും പ്രവൃത്തിനിർവ്വഹണം ആരംഭിച്ചിട്ടില്ല. 16.10.23ന് നിർവ്വഹണോദ്യോഗസ്ഥൻ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. (No-4/23-24/AE/LID&EW/MPZA) . ആയത് പ്രകാരം പ്രവൃത്തി പൂർത്തീകരണ തീയതി 1.12.23 ആണ്. കത്തിന് കരാറുകാരൻ യാതൊരു മറുപടിയും സമർപ്പിച്ചതായി കാണുന്നില്ല. 2023-24 സാമ്പത്തിക വർഷം 26.03.24ലെ പാർട്ട് ബിൽ പ്രകാരം 220547 രൂപ ചെലവഴിച്ച് Steel Work, Concreting എന്നീ പ്രവൃത്തികൾ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതിയുടെ സമയബന്ധിതമായ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -17/15.06.24) നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

ടി പദ്ധതിയിൽ നിലവിൽ പമ്പ് ഹൗസ്, ടാങ്കിന്റെ സ്റ്റീൽ സ്റ്റേജ്, PVC വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ മാത്രമാണ് ചെയ്യാൻ ബാക്കിയുള്ളത്. ആയതിന് KSEBയിലേക്ക് കത്ത് അയച്ചിട്ടുണ്ട്. കണക്ഷൻ കിട്ടുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

പദ്ധതി പൂർത്തീകരിച്ച് തുടർനടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികളുടെ പ്രയോജനം സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ഉറപ്പ് വരുത്തേണ്ടതാണ്.

II.പ്രൊജക്ട് നം - So155/24 - വിവിധ കുടിവെള്ളപദ്ധതികളുടെ മെയ്ന്റനൻസ്

അടങ്കൽ - 130550 - CFC

മേൽ പദ്ധതിക്കായി 24/04/2023ന് കരാർ വെച്ചെങ്കിലും കരാറുകാരൻ നാളിതുവരെ സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിച്ചിട്ടില്ല. കരാറുകാരനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം -17/15.06.24) നിർവ്വഹണോദ്യോഗസ്ഥ മറുപടി സമർപ്പിച്ചിട്ടുള്ളത്. പ്രവൃത്തി 23/10/23നകം പൂർത്തീകരിക്കേണ്ടതായിരുന്നു.

കരാർ ചമച്ച് നിശ്ചിത സമയത്തിനകം കരാറുകാരൻ സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാത്തതിനാൽ കേരള പൊതുമരാമത്ത് മാന്വൽ 2116.1 (Termination – Default By Contractor) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-27 പഞ്ചായത്ത് ഓഫീസ് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ അനുബന്ധ സൗകര്യങ്ങൾ സജ്ജീകരിക്കൽ – കരാറിലേർപ്പെട്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല</u>**

നിർവ്വഹണം -അസി.എഞ്ചിനീയർ

പ്രൊജക്ട് നം- 224/24 -വികസന ഫണ്ട് (ജനറൽ) 350000/-

പദ്ധതിക്കായി 24/11/2023 ന് കരാറിലേർപ്പെട്ടെങ്കിലും പ്രവൃത്തി ഇതുവരെ തുടങ്ങിയിട്ടില്ല. കരാറനുസരിച്ച് 23/07/2024 നകം പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. പ്രവൃത്തി തുടങ്ങേണ്ട പഞ്ചായത്തിന്റെ സ്ഥലം സമീപത്തുള്ളKSEB കാര്യാലയം സ്റ്റോറേജ് ആയി ഉപയോഗിക്കുന്നതിനാൽ പദ്ധതി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. KSEB സ്ഥലം ഒഴിയുന്ന മുറക്ക് മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളു എന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം -14/13.06.24)

സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സദ്ഭരണ നിർവ്വഹണം സാദ്ധ്യമാക്കുന്നതിനും ഉതകുന്ന മേൽ പ്രൊജക്ടിന്റെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-28 ദുരന്ത മാനേജ്മെന്റ് പദ്ധതി-കാലികമാക്കിയിട്ടില്ല**

(സ.ഉ.(കൈ) നം-84/2022/ ത സ്വഭവ , തീയ്യതി 19-04-2022 ) പതിനാലാം പഞ്ചവത്സര പദ്ധതി ഖണ്ഡിക 7.2 (1) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2020 ൽ ദുരന്തമാനേജ്മെന്റ് പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് കാലികമായി പരിഷ്ക്കരിക്കേണ്ടതാണ്. കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായും അല്ലാതെയും ഉണ്ടാകാവുന്ന ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും ദുരന്തങ്ങളെ കാര്യക്ഷമമായി പ്രതിരോധിക്കുന്നതിനും ഹ്രസ്വകാല - ദീർഘകാല ഇടപെടലുകൾ വിഭാവനം ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ " ജൈവവൈവിധ്യ മാനേജ്മെന്റ് കാലാവസ്ഥവ്യതിയാനം പരിസ്ഥിതി സംരക്ഷണം എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിലാണ് നടത്തേണ്ടത്. ദുരന്ത മാനേജ്മെന്റ് പദ്ധതി പഞ്ചായത്തിൽ 2021 ൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും തുടർ വർഷങ്ങളിൽ കാലികമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിനുള്ള ( 32/19-06-24 ) മറുപടിയിൽ ദുരന്ത മാനേജ്മെന്റ് പദ്ധതി കാലികമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്.

**1-29 എം ജി എൻ ആർ ഇ ജി എസ് -മരാമത്ത് പ്രവർത്തികൾക്ക് സാധനസാമഗ്രികൾ സമാഹരിച്ചത് പ്രൊക്യുർമെന്റ് കമ്മറ്റി അംഗീകരിച്ചിട്ടില്ല.**

2023-24 വർഷത്തിൽ നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ മരാമത്ത് പ്രവൃത്തികൾക്ക് സാധനസാമഗ്രികൾ ടെണ്ടർ നടപടികളിലൂടെ കരാറുകാർ മുഖേനയാണ് വാങ്ങിച്ചു നൽകിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ **10,54255-** രൂപ മെറ്റീരിയൽ സമാഹരിക്കുന്നതിനു ചെലവഴിച്ചിട്ടുണ്ട്. സാധനസാമഗ്രികൾ വാങ്ങിയത് പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ലാത്തതായി മിനുട്ട്സ് പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടു. 31.1.2012 ലെ 93/2012/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങളിൽ സാധനസാമഗ്രികളുടെ വാങ്ങൽ സംഭരണം എന്നിവ സുതാര്യവും അഴിമതിരഹിതവുമായി നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തിലെ പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(18/15-06-2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-30 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യസംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ-പ്രവർത്തനാവലോകനം**

കേരളപഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 219(എ) മുതൽ (എസ്) വരെയുള്ള വകുപ്പുകൾ പ്രകാരം മാലിന്യനിർമാർജനം ചെയ്യുന്നതിൽ പഞ്ചായത്തിന്റെയും മാലിന്യ ഉൽപ്പാദകരുടെയും ചുമതലകൾ നിർവചിച്ചിട്ടുണ്ട്.

സെക്ഷൻ 219 ഡി - പഞ്ചായത്ത് പരിധിയിലുള്ള വീട് വീടാന്തരമുള്ള ചവറും ഖരമാലിന്യവും ശേഖരിക്കുന്നതിന് സെക്രട്ടറിക്ക് ഏർപ്പാട് ചെയ്യാവുന്നതാണ്.

സെക്ഷൻ 219 F - മാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുകയും വിജ്ഞാപനം ചെയ്യുകയും ചെയ്യേണ്ടതാണ്. സെക്ഷൻ 219 G – മാലിന്യസംസ്കരണത്തിന്റെയോ കൈയ്യൊഴിക്കലിന്റെയോ ആവശ്യത്തിലേക്കായി പഞ്ചായത്തിന് ഏതെങ്കിലും സ്ഥാപനം പ്രവർത്തിപ്പിക്കുകയോ പരിപാലിക്കുകയോ ചെയ്യാവുന്നതാണ്.

പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പരിസ്ഥിതി സംരക്ഷണ നിയമം-1986, 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ എന്നിവയും അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ സ്റ്റേറ്റ് പോളിസിയും സ്ട്രാറ്റജിയും ഹരിതകേരള മിഷനിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്.

IVസംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ

1) 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

2)15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

3)12.08.2020ലെ 1496/2020/തസ്വഭവ നമ്പർ പ്രവർത്തനമാർഗ്ഗരേഖ

4)സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 - എം.സി.എഫ്, ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും

കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങളും മാർഗനിർദേശങ്ങളും അടിസ്ഥാനമാക്കി മലമ്പുഴ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന മുഖേന നിർവ്വഹിക്കുന്ന മാലിന്യസംസ്ക്കരണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ബന്ധപ്പെട്ട പദ്ധതികളുടെ ഫയലുകൾ, ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധന, ഓഡിറ്റ് അന്വേഷണത്തിന് (നം-2/12.06.24) പഞ്ചായത്ത് സമർപ്പിച്ച വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ

വിലയിരുത്തുകയുണ്ടായി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>അടിസ്ഥാന വിവരങ്ങൾ</u>

മലമ്പുഴ ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളാണുള്ളത്. ആകെ ജനസംഖ്യ 14429 ആണ്.എല്ലാ വാർഡുകളിലും കൂടെ ആൾതാമസമുള്ള വീടുകളുടെ എണ്ണം 3588 ആണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 435 ആണ്. എല്ലാ വീടുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിന് ഇവിടങ്ങളിൽ QR Code പതിപ്പിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ സി.എഫ്.സി ഫണ്ട് 204900/-രൂപ വകയിരുത്തി ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം എന്ന പദ്ധതി കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ കെട്ടിടങ്ങളിലും, ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലും QR Code പതിപ്പിക്കുന്നുണ്ടെന്നും യൂസർ ഫീ ഹരിതകർമ്മസേനക്ക് നൽകുന്നുണ്ടെന്നും ഉറപ്പാക്കുന്നുണ്ട്.

<u>മാലിന്യശേഖരണ കാര്യക്ഷമത</u>

മാലിന്യം തരം തിരിച്ച് ശേഖരിക്കുന്നതിന് കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വീടുകളിൽ നിന്ന് ഹരിതകർമ്മസേന സമയബന്ധിതമായി മാലിന്യം ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നുണ്ട്. സേവനം നൽകാത്ത വീടുകളുടെ വിവരങ്ങൾ ഹരിതമിത്രം പോർട്ടൽ വഴി ലഭ്യമാക്കി സേവനം ഉറപ്പു വരുത്തുന്നുണ്ട്.

<u>പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ</u>

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് മലമ്പുഴ ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി(പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ) 11-8-2022ന് തീരുമാനം നമ്പർ 13(1) പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബൈലോ പ്രകാരം വീടുകളിൽ നിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയുമാണ് യൂസർ ഫീ ആയി ഈടാക്കി വരുന്നത്.

<u>മാലിന്യ വേർതിരിവ് പാലിക്കൽ</u>

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ വേർതിരിച്ച് മിനി എം.സി.എഫിലും, എം.സി.എഫിലും എത്തിക്കുന്നു. 80% ത്തോളം മാലിന്യം ഉറവിടത്തിൽ വെച്ച് തന്നെ വേർതിരിക്കുന്നു. വേർതിരിക്കാൻ കഴിയാത്തവ (Rejected Waste) ക്ലീൻ കേരളക്ക് നൽകുന്നു.

ആയതിന് കിലോഗ്രാമിന് 10/-രൂപ നിരക്കിൽ ക്ലീൻ കേരളക്ക് നൽകുന്നു.

റീസൈക്ലിങ്ങ്

പുനരുപയോഗം സാദ്ധ്യമാകുന്ന വസ്തുക്കൾ റീസൈക്ലിങ്ങ് ചെയ്യുന്നതിന് നിലവിൽ പദ്ധതികൾ ഒന്നും തന്നെ ആവിഷ്ക്കരിച്ചിട്ടില്ല. നിലവിൽ എം.സി.എഫ് വിപുലീകരണം, സി.സി.ടി.വി സ്ഥാപിക്കൽ, മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട അടിയന്തിര പദ്ധതികൾ എന്നിവക്കാണ് കൂടുതൽ ഊന്നൽ നൽകുന്നത്.

പൊതുഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന മിക്സഡ്/ലെഗസി മാലിന്യങ്ങൾ തരം തിരിക്കാൻ കഴിയാത്ത അവസ്ഥയിലുള്ളത് ക്ലീൻ കേരളക്ക് കൈമാറുന്നു.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി 2023 നവംബർ 14 ന് ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ സ്ക്കൂളുകളിലെയും 150 മുതൽ 200 കുട്ടികളെ വരെ പങ്കെടുപ്പിച്ചുകൊണ്ട് ഹരിതസഭ സംഘടിപ്പിച്ചു. യൂസർ ഫീ നൽകാത്ത വീടുകളും സ്ഥാപനങ്ങളും ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ സന്ദർശനം നടത്തി മാലിന്യ സംസ്ക്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി. തെറ്റായ രീതിയിൽ മാലിന്യസംസ്ക്കരണം നടത്തുന്നതിനെതിരെ സ്ഥാപനതല വിജിലൻസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ 200ഓളം പരിശോധനകൾ നടത്തി പിഴ അടപ്പിച്ചു. മാലിന്യം അലക്ഷ്യമായി വലിച്ചെറിയുകയും കത്തിക്കുകയും ചെയ്യുന്നവർക്കെതിരെ ഫോട്ടോ എടുത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ വാട്ട്സ് അപ്പ് നമ്പറിലേക്ക് അറിയിക്കുന്നതിനും വിവരം നൽകുന്ന വ്യക്തികൾക്ക് 2500/-രൂപ വീതം പാരിതോഷികവും നൽകി. എല്ലാ വ്യാപാര സ്ഥാപനങ്ങളിലും രണ്ട് ബിന്നുകൾ വീതം സ്ഥാപിക്കുവാൻ നിർദ്ദേശം നൽകുകയും വ്യാപാരിവ്യവസായി സംഘടനകളുമായി യോഗം നടത്തി മേൽ വിഷയത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും ചെയ്തു. 2023 വർഷത്തിൽ കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, എൻ.എസ്.എസ് യൂണിറ്റുകൾ, വ്യാപാരി വ്യവസായ സംഘടനകൾ, ജനപ്രതിനിധികൾ,ആരോഗ്യ വിഭാഗം ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തി മെഗാ ക്ലീനിങ്ങ് ഡ്രൈവ് സംഘടിപ്പിക്കുകയും ചെയ്തു.

തൊഴിൽ സൃഷ്ടിക്കൽ

മാലിന്യ സംസ്ക്കരണ മേഖലയുമായി ബന്ധപ്പെട്ട് 26 ഹരിതകർമ്മസേന അംഗങ്ങൾക്ക് തൊഴിലുകൾ ലഭ്യമായിട്ടുണ്ട്.കൂടാതെ മിനി എം.സി.എഫുകളിൽ നിന്ന് പ്രധാന എം.സി.എഫിലേക്ക് മാലിന്യം എത്തിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച് ഒരു വാഹനത്തെയും ഡ്രൈവറെയും ഏർപ്പെടുത്തിയിട്ടുണ്ട്.ഹരിതകർമ്മ സേനാംഗങ്ങൾക്ക് മാസവരുമാനം 3900/- രൂപ മുതൽ 8100/- രൂപ വരെ ലഭിക്കുന്നണ്ട്.നിലവിൽവയബിലിറ്റി ഗ്യാപ് ഫണ്ട് വിനിയോഗിക്കുന്നില്ല. സേനയുടെ നിലവിലെ അക്കൗണ്ട് ബാലൻസ് 1,19,589/-രൂപയാണ്. വരുമാന വർദ്ധനവിനുള്ള പദ്ധതികളൊന്നും തന്നെ നിലവിൽ ആവിഷ്ക്കരിച്ചിട്ടില്ല.

അടിസ്ഥാന സൗകര്യ വികസനം

ഹരിതകർമ്മസേനക്ക് എം.സി.എഫിൽ ഓഫീസ് സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ സ്വന്തമായി വാഹനം ഇല്ല. ആയതിന് 2023-24 വർഷത്തിൽ സി.എഫ്.സി വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

പരിശീലനവും വികസനവും

സേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന് 2024-25 വർഷം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ശുചിത്വ മിഷൻ ബ്ലോക്ക് കോഓർഡിനേറ്ററുടെ ആഭിമുഖ്യത്തിൽ സേനാംഗങ്ങൾക്ക് ഇടയ്ക്കിടെ പരിശീലനം നൽകി വരുന്നുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതുഇടങ്ങളിൽ മാലിന്യം തള്ളുന്നത് സംബന്ധിച്ച് 5 പരാതികളും , നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് 9 പരാതികളും ലഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ആഴ്ചകളിലും

ഗ്രാമപഞ്ചായത്ത് വിജിലൻസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പരിശോധനകൾ നടത്തിവരുന്നുണ്ട്. 200ഓളം പരിശോധനകൾ നടത്തി നോട്ടീസ് നൽകി പിഴ ഈടാക്കിയിട്ടുണ്ട്. നാളിതുവരെ പിഴയിനത്തിൽ 2,46000/-രൂപ ഈടാക്കിയിട്ടുണ്ട്.

നിയമങ്ങൾ പാലിക്കൽ

പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്ക്കരണ ചട്ടങ്ങളും, മാനദണ്ഡങ്ങളും പാലിക്കുന്നു എന്നുറപ്പാക്കുന്ന തരത്തിൽ എം.സി.എഫിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം

ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ ഇവരുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നതിന് എല്ലാ മാസവും യോഗം ചേരുന്നുണ്ട്. പ്രവർത്തനം കാര്യക്ഷമമാക്കാൻ കൂടുതൽ സർവ്വേകൾ,ചർച്ചകൾ എന്നിവ നടത്തേണ്ടതുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി -അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ ഒരു എം.സി.എഫ് ആണ് നിലവിലുള്ളത്. (വാർഡ്-12, മലമ്പുഴ സെൻട്രൽ). ആർ.ആർ.എഫ് നിലവിൽ ഇല്ല. എം.സി.എഫിൽ എത്തിച്ചേരുന്നതിന് റോഡ് സൗകര്യം ഉണ്ടെങ്കിലും വലിയ വാഹനങ്ങൾക്ക് പോകാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പിൻവശം, വടക്കു വശം എന്നിവ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലമായതിനാൽ അതിർത്തി വ്യക്തമല്ല. പ്ലാന്റിന്റെ അതിർത്തി നിശ്ചയിച്ച് ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ല. ആയതിന് 24-25 സാമ്പത്തിക വർഷം പ്രൊജക്ട് രൂപീകരിച്ചിട്ടുണ്ട്.

എം.സി.എഫിൽ ബെയ് ലിങ്ങ് മെഷീൻ ഉപയോഗപ്പെടുത്തിയാണ് മാലിന്യങ്ങൾ ക്ലീൻ കേരളക്ക് നൽകുന്നത്. ഷ്രെഡ്ഡിങ്ങ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല. എം.സി.എഫ് അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 21-22 വർഷം ലഭ്യമായ 800000/-രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല.

മാലിന്യ സംഭരണ ശേഷി

ഒരു സ്ഥലത്ത് രണ്ട് കെട്ടിടങ്ങളിലായാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. ഒരെണ്ണത്തിന്റെ വിസ്തീർണ്ണം 260m2 ഉം, മറ്റേത് 200m2 ഉം ആണ്.ആകെ വിസ്തൃതിയിൽ 20% സ്ഥലം മെഷിനറികൾക്കായി ഉപയോഗിക്കുന്നു. സോർട്ടിങ്ങിനായി 40% സ്ഥലവും, അന്തിമ സംഭരണത്തിനായി 40% സ്ഥലവും ഉപയോഗിക്കുന്നു.

മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

മാലിന്യ സംസ്ക്കരണ പ്രോട്ടോക്കോൾ പ്രകാരം നിലവിൽ എം.സി.എഫിൽ Fire & Safety സംവിധാനം നിലവിലുണ്ട്. ആയതിൽ തൊഴിലാളികൾക്ക് പരിശീലനവും നൽകിയിട്ടുണ്ട്. തൊഴിലാളികളുടെ സുരക്ഷക്കായി Gloves, Gum Boot, Shoes, Mask എന്നീ സാമഗ്രികളും നൽകിയിട്ടുണ്ട്.

യഥാസമയം മാലിന്യം ക്ലീൻ കേരളക്ക് കൈമാറുന്നത്ഗ്രാമപഞ്ചായത്ത് 5.01.2024 നാണ് ക്ലീൻ കേരള യുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ എം.സി.എഫിന്റെ ഒരു കെട്ടിടത്തിൽ തരം തിരിക്കാനുള്ള മാലിന്യം സൂക്ഷിച്ചിട്ടുള്ളതായും, ഒരു കെട്ടിടത്തിൽ തരം തിരിച്ച മാലിന്യം ക്ലീൻ കേരള കൊണ്ടുപോകാതെ സൂക്ഷിച്ചിട്ടുള്ളതായും കണ്ടു.ചില സേനാംഗങ്ങൾ അവധി എടുത്തതു കൊണ്ടാണ് തരം തിരിക്കൽ നടക്കാതിരുന്നത് എന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി സമയബന്ധിതമായി മാലിന്യശേഖരണം നടത്തേണ്ടതുണ്ട്. കരാറനുസരിച്ച് പുനചംക്രമണയോഗ്യമല്ലാത്ത മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തേണ്ട ചുമതല ക്ലീൻ കേരള കമ്പനിക്കാണ്. കരാർ പ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് തദ്ദേശ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്.

3.ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള സാദ്ധ്യതകൾ

1.അജൈവ മാലിന്യ പരിപാലനത്തിന്റെ ഭാഗമായ മിനി എം.സി.എഫ്, എം.സി.എഫ് മികച്ച രീതിയിൽ സജ്ജമാക്കുന്നതിന് സംയുക്ത പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. ഹരിത കർമ്മസേനകൾ മുഖേനയുള്ള വിവിധ മാലിന്യശേഖരണ പദ്ധതികളിലെ വിടവുകളെ അഭിസംബോധന ചെയ്യുന്ന പ്രൊജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്. ഇതിനായി ഗാർഹിക തലത്തിൽ ജൈവമാലിന്യ സംസ്ക്കരണ പദ്ധതികൾ, സ്ഥാപനതല, തദ്ദേശസ്ഥാപന തല പദ്ധതികൾ എന്നിവ നടപ്പാക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സ്വച്ഛ് ഭാരത് മിഷൻ, 15-ാം ധനകാര്യ കമ്മീഷൻ വിഹിതം, അർബൻ അഗ്ലോമെറേഷൻ വിഹിതം എന്നിവയുടെ സാദ്ധ്യതകൾ ഉപയോഗിക്കണം.

2.ഹരിതകർമ്മസേനയുടെ വരുമാനവർദ്ധനവിന് ഉതകുന്ന തരത്തിൽ ജൈവമാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി കമ്പോസ്റ്റ് വളം ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാവുന്നതും പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ്ഡിങ്ങ് നടത്തി ക്ലീൻ കേരളക്ക് നൽകാവുന്നതും, റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഉപയോഗിക്കാവുന്നതുമാണ്.

3. ഹരിതകർമ്മസേനയുടെ ഭാഗമായി സൂക്ഷ്മ സംരംഭങ്ങൾ , പരിസ്ഥിതി സൗഹൃദ യൂണിറ്റുകൾ തദ്ദേശസ്ഥാപനത്തിൽ രൂപീകരിക്കേണ്ടതാണ്.

4.സ്ഥിരമായി മാലിന്യം നിക്ഷേപിക്കപ്പെടുന്ന സ്ഥലങ്ങളിലെയും പൊതുനിരത്തുകളിലെയും മാലിന്യം നീക്കം ചെയ്യുന്നതിന് പദ്ധതികൾ തയ്യാറാക്കി ഇതിലേക്ക് ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതും ശേഖരിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി കയ്യൊഴിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

5.ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ, വർക്കിങ്ങ് ഗ്രൂപ്പ് എന്നിവർ കൃത്യമായി മോണിട്ടർ ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ശുചിത്വ മിഷൻ, ബ്ലോക്ക് പഞ്ചായത്ത് എന്നിവരുടെ ആഭിമുഖ്യത്തിൽ കൃത്യമായി പരിശീലനം ലഭ്യമാക്കേണ്ടതുമാണ്.

പതിന്നാലാം പദ്ധതിയുടെ ആദ്യ വർഷങ്ങളിൽത്തന്നെ ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിന് ശാസ്തീയ പ്രൊജക്ടുകൾ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി അവ നടപ്പിലാക്കി സമ്പൂർണ്ണ ശുചിത്വ പദവി ആർജ്ജിക്കുന്നതിന് തദ്ദേശ സ്ഥാപനം ലക്ഷ്യമിടേണ്ടതാണ്.



അജൈവ മാലിന്യ സംഭരണ കേന്ദ്രം





തരം തിരിക്കാത്ത മാലിന്യം

ക്ലീൻ കേരളക്ക് നൽകാനുള്ള Rejected Waste അടക്കമുള്ള മാലിന്യം

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## <u>ഭാഗം -4</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

### <u>4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2023-24 | 10.06.24 |

**4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മലമ്പുഴ | 2023-24 | 501350 | 14/24-സമഗ്ര നെൽകൃഷി വികസനം | 501350 | 0 |
| | 2023-24 | 930000 | 106/24-ലൈഫ് ഭവന പദ്ധതി-ജനറൽ | 930000 | 0 |
| | 2023-24 | 970957 | 108/24-ലൈഫ് ഭവന പദ്ധതി-എസ്.സി.പി | 970957 | 0 |
| | 2023-24 | 120000 | 109/24-ലൈഫ് ഭവന പദ്ധതി-ടി.എസ്.പി | 120000 | 0 |
| | 2023-24 | 200000 | 32/24: ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2021-22 | 800000 | 27/23: എം.സി.എഫ് അടിസ്ഥാന സൗകര്യവും മാലിന്യ നിർമ്മാർജ്ജനവും | 0 | 800000 |
| | *2019-20 | 1479565 | വിവരങ്ങൾ ലഭ്യമല്ല | 0 | 1479565 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2023-24 | 518347 | 14/24-സമഗ്ര നെൽകൃഷി വികസനം | 518347 | 0 |
| | 2023-24 | 940000 | 106/24- ലൈഫ് മിഷൻ ഭവന പദ്ധതി -ജനറൽ | 940000 | 0 |
| | *2019-20 | 2573198 | വിവരങ്ങൾ ലഭ്യമല്ല | 0 | 2573198 |

* മേൽ തുകകളുടെ വിശദവിവരങ്ങൾ സംയുക്ത പദ്ധതികളുടെ എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല.ഓഡിറ്റ് അന്വേഷണത്തിനു (5/) ലഭ്യമാക്കിയ മറുപടി താഴെ ചേർക്കുന്നു.

ടി തുകകൾ 2019-20 ൽ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ വന്നതാണെന്ന് ലഢ്ജറുകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ട്രഷറി അക്കൗണ്ടിൽ ഇത്രയും തുക നിലനിൽക്കുന്നില്ല. ചെലവഴിച്ച തുക ജേർണൽ ചെയ്ത് ബാധ്യത കുറയ്ക്കാൻ വിട്ടുപോയതാണ്.

മേൽ വിഷയം പരിശോധിച്ച് തുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഹെഡ്ഡുകളിൽ നിന്ന് ജേർണൽ ചെയ്ത് അക്കൗണ്ട്സ് കൃത്യമാക്കേണ്ടതും ബന്ധപ്പെട്ട വൗച്ചറുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

**4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കിനു തുക നൽകിയ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം | ഡെപ്പോസിറ്റ് വർക്കിനു തുക നൽകിയ വിവരം | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | 226/24തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 12580 | KSEB,മലമ്പുഴക്ക് നൽകിയത് വിനിയോഗ |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റ് ലഭ്യമല്ല |
| 2 | 215/24സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 414936 | KSEB,മലമ്പുഴക്ക് നൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല |
| 3 | 216/24, തെക്കെ മലമ്പുഴ പോസ്റ്റ് സ്ഥാപിക്കലും ലൈൻ ദീർഘിപ്പിക്കലും | 221220 | KSEB,മലമ്പുഴക്ക് നൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല |
| 4 | എം സി എഫ് | 10040 | KSEB,മലമ്പുഴക്ക് നൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1060000 വരവുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ- ഭവന നിർമ്മാണം | GO(MS)No.68/ 2018. LSGD Dt.18.5.2018 | 20779065 | 17088118 | 1060000 | 3730948 | - | 14,417170 |

## 4-6 സ്ഥിര നിക്ഷേപം

പാലക്കാട് സ്മാൾ ഹൈഡ്രോ ഇലക്ട്രിക് കമ്പനിയുടെ ഷെയർ സർട്ടിഫിക്കറ്റ് നം. 43/28.6.12 പ്രകാരം 253200 രൂപയുടെ ഓഹരിയുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 31706/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 2022-23 | ഓഡിറ്റ് അന്വേഷണം | 300 | ദിലീപ് . സി ജെ | 1230400954/ 25-08-2023 |
| 2022-23 | 1-11-2 | 450 | പ്രൊപ്പറൈറ്റർ, ആമസോൺ | 1230401414/ 20-11-2023 |
| 2022-23 | 1-11-2 | 150 | പ്രൊപ്പറൈറ്റർ, ആമസോൺ | 1230401415/ 20-11-2023 |
| 2022-23 | 1-13 | 400 | എം സി .മാത്യു | 1230401432/ 22-11-2023 |

| | | | | |
|---|---|---|---|---|
| 2022-23 | 1-11-8 | 360 | സുഗർശൻ. കെ. കെ | 1230401472/ 27-11-2023 |
| 2022-23 | 1-11-2 | 756 | തനിമ മിനി ഡയറി പ്ലാന്റ് | 1230401993/ 19-01-2024 |
| 2022-23 | 1-11-2 | 540 | തനിമ മിനി ഡയറി പ്ലാന്റ് | 1230401994/ 19-01-2024 |
| 2022-23 | ഓഡിറ്റ് അന്വേഷണം-13 | 2500 | ദിലീപ് . സി ജെ | 1230400954/ 25-08-2023 |
| 2022-23 | 1-11-2 | 1500 | പ്രൊപ്രൈറ്റർ, ആമസോൺ | 1230401414/ 20-11-2023 |
| 2022-23 | 1-11-2 | 1500 | പ്രൊപ്രൈറ്റർ, ആമസോൺ | 1230401415/ 20-11-2023 |
| 2022-23 | ഓഡിറ്റ്ന്വേഷണം-13 | 2500 | എം സി .മാത്യു | 1230401432/ 22-11-2023 |
| 2022-23 | ഓഡിറ്റ്ന്വേഷണം-13 | 300 | സുഹജ് മാർഗ്ഗ് സ്പിരിച്ച്വലി ഫൗണ്ടേഷൻ | 1230401466/ 27-11-2023 |
| 2022-23 | ഓഡിറ്റ്ന്വേഷണം-13 | 1750 | സുഹജ് മാർഗ്ഗ് സ്പിരിച്ച്വലി ഫൗണ്ടേഷൻ | 1230401472/ 27-11-2023 |
| 2022-23 | 1-11-8 | 1200 | സുഗർശൻ. കെ. കെ | 1230401472/ 27-11-2023 |
| 2022-23 | 1-12 | 2250 | പ്രൊഫഷണൽ ടാക്സ് | 42300569/ 28-11-23 |
| 2022-23 | 1-11-8 | 3300 | വിനായക വർക്ക് ഷോപ്പ് | 1230401476/ 28-11-2023 |
| 2022-23 | 1-11-3 | 2400 | കവ്വാ ക്ഷീരോത്പാദക സംഘം | 1230401516/ 01-12-23 |
| 2022-23 | 1-11-2 | 2700 | മനോമിത്ര സെന്റർ | 1230401545/ 05-12-23 |
| 2022-23 | 1-11-2 | 2100 | തനിമ ഡയറി പ്ലാന്റ് | 1230401993/ 19-01-24 |
| 2022-23 | 1-11-2 | 2250 | തനിമ ഡയറി പ്ലാന്റ് | 1230401994/ 19-01-24 |
| 2022-23 | 1-11-3 | 2500 | കവ്വാ ക്ഷീരോത്പാദക സംഘം | 1230401518/ 01-12-24 |
| **ആകെ** | | **31706-** | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ, വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 2003-04 | ഖ.4.13 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 1999-00 | ഖ.11-മുതുകുർശി പത്തായക്കല്ല് (തോട് സംരക്ഷണം)<br>തുക-140613 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 1999-00 | 12-ഐ.സി.ഡി.പി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് |

| | | |
|---|---|---|
| | സബ്സെന്റർ-ഫർണിച്ചർ വിതരണം, തുക- 15204 | കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 1999-00 | ഖ 13- വനിതാ കാറ്ററിംഗ് സൊസൈറ്റിക്ക് ഗ്രാന്റ് നൽകിയത് -100000- | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 2020-21 | ഖ: 1-5-3 – പ്രോജക്ട് തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്നും ചെലവുകൾ നടത്തി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല. |

**4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം**

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും അടവാക്കിയിട്ടില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തു

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും അടവാക്കിയിട്ടില്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 78142300 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29517081 |
| നീക്കിയിരിപ്പ് | 48625219 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 210400 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-20 | 167500 | ഡോ.ജയപ്രസാദ് ടി.കെ മെഡിക്കൽ ഓഫീസർ, FHC |
| 1-21 | 42900 | ശ്രീ തങ്കരാജ്.പി, വി.ഇ.ഒ |
| | 210400 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ഡോ.ജയപ്രസാദ് ടി.കെ | മെഡിക്കൽ ഓഫീസർ, FHC മലമ്പുഴ ഗ്രാമപഞ്ചായത്ത് | കാമനാട്ടിക്കാട് ഹൗസ്,ജനതാ ബിച്ച് റോഡ്, ചെറായി പി.ഒ, എറണാകുളം -691532 |
| ശ്രീ തങ്കരാജ്.പി | വി.ഇ.ഒ, മലമ്പുഴ ഗ്രാമപഞ്ചായത്ത് | S/O പളനിസ്വാമി, രാജീവ് നഗർ, കന്നിമാരി പി.ഒ, പാലക്കാട് -678534 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി6/98/18.10.1999 | 18 |
| 1997-98 | എൽ.എഫ്.പി7/295/2002/ 30.9.2002 | 18 |
| 1998-99 | എൽ.എഫ്.പി14/614/05/28.1.2006 & എൽ.എഫ്.പി14/83/03/18.6.2003 | 18 |
| 1999-00 | എൽ.എഫ്.പി.14/997/06/10.10.06 | 12 |
| 2000-01 | എൽ.എഫ്.പി.14/666/11/15.6.2011 | 25 |
| 2001-02 | എൽ.എഫ്.പി.14/07/1.11.2008 | 17 |
| 2002-03 | എൽ.എഫ്.പി.14/1368/12/4.8.2012 | 14 |
| 2003-04 | എൽ.എഫ്.പി.14/469/06/3.2.10 | 7 |
| 2004-05 | എൽ.എഫ്.പി.14/1504/2010/26.3.2011 | 6 |
| 2005-06 | എൽ.എഫ്.പി.14/1502/10/17.3.2011 | 4 |
| 2006-07 | എൽ.എഫ്.പി.14/618/2011/4.6.2011 | 4 |
| 2007-08 | എൽ.എഫ്.പി.14/1503/2010/5.4.2011 | 7 |
| 2008-09 | എൽ.എഫ്.പി.14/1043/2012/25.6.2012 | 11 |
| 2009-10 | എൽ.എഫ്.പി.14/1043/2012/3.7.2012 | 11 |
| 2010-11 | എൽ.എഫ്.പി.14/1238/14/16.5.2015 | 11 |
| 2011-12 | എൽ.എഫ്.പി.14/355/15/30.5.2015 | 24 |
| 2012-13, 2013-14 & 2014-15 | നം.കെ.എസ്.എ.പി.കെ.ഡി14-1945/22/19.11.22 (ഓഡിറ്റ് അദാലത്ത്) | 5 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.14/1728/22 /19.11.2022 (ഓഡിറ്റ് അദാലത്ത്) | 5 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.14/1412/17/22.2.2018 | 18 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.14-1728/22/19.11.22 (ഓഡിറ്റ് അദാലത്ത്) | 11 |
| 2018-19 | നം.കെ.എസ്.എ-പികെഡി14/1728/22/19.11.2022 (ഓഡിറ്റ് അദാലത്ത്) | 6 |
| 2019-20 | നം.കെ.എസ്.എ-പികെഡി14-959/21/17.8.2021 | 18 |
| 2020-21 | നം.കെ.എസ്.എ-പികെഡി14-960/21/1.9.2021 | 36 |
| 2021-22 | നം.കെ.എസ്.എ-പികെഡി14-317/23/04.04.2023 | 15 |

| | | |
|---|---|---|
| 2022-23 | നം.കെ.എസ്.എ-പികെഡി14-1249/23/15.02.24 | 26 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 15-05-2024 and submitted on 15-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Malampuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Malampuzha Grama Panchayat as on 31-03-2024

**Date: 01/08/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Malampuzha Grama Panchayat for the Year 2023-2024.**

## 1.Major Observations

Nil

## 2.Other Observations

1.All the mandatory financial statements prescribed in accounting rules are not furnished with AFS.

2. Asset register is not updated . Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balancesheet could not be ascertained.

3. The value of Capital work in progress is zero as per Balance sheet schedule.

4.Advances to implementing agencies are not included in Balance sheet B-18 schedule.

5.The accuracy of the closing balance as per B-4 schedule of the Balance sheet projects could not be ascertained since the transactions in respect of Joint venture projects are not reflected in the AFS.

6. The details of fund in respect of Ayush Health projects is wrongly entered in Sulekha Expenditure statement. Hence the closing balance of the same as per B-4 schedule of the Balance sheet is not correct. (Heads -320200207, 320200208)

7.The figures of Advance to others-(Receipt) as per RP-49 and the Advance Register is not identical.

8.The non-accrual receipts in R&P schedule differ with that in I&E schedule.

9.The following non-operative Accounts with zero balance are not shown inn the Balance sheet schedule.

1)HDFC, Tharekkad Suchitwa mission - (34026)

2)Canara Bank, Malampuzha - Literacy programme - (48119)

3)HDFC, Tharekkad CFLTC - (69830)

4)SBI , Sekharipuram MGNREGS -(59498) -Holding Account

**അനുബന്ധം-2**
**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 3
# Annual Financial statements

| | | | |
|---|---|---|---|
| Malampuzha Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7040541.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 501900.00 |
| 140000000 | Fee & User Charges | I-4 | 1657310.00 |
| 150000000 | Sale & Hire Charges | I-5 | 503017.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 110645107.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 240825.00 |
| 180000000 | Other Income | I-9 | 67446.00 |
| 190000000 | Prior Period Income | I-19 | 568632.00 |
| | Total Income | | 120656146.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 9139234.00 |
| 220000000 | Administrative Expenses | I-11 | 1441613.00 |
| 230000000 | Operations & Maintenance | I-12 | 3303441.00 |
| 240000000 | Interest & Finance Charges | I-13 | 763.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7284680.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 36167874.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 3059094.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 36180032.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 20823900.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1209702.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 1500.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 13746765.00 |
| | Total Expenditure | | 132358598.00 |
| | Gross Surplus / Deficit of income over Expenditure | | -11702452.00 |
| | Gross Surplus / Deficit of income over Expenditure | | -12271084.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 568632.00 |

| | | | |
|---|---|---|---|
| Malampuzha Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 33974144.00 |
| Cash | Cash | RP-40(a) | 40971.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 3258745.00 |
| 130000000 | Rental income from Panchayat Properties | RP-3 | 396000.00 |
| 140000000 | Fees & User Charges | RP-4 | 1492810.00 |
| 150000000 | Sale & Hire Charges | RP-5 | 503017.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 6654600.00 |
| 171000000 | Interest Earned | RP-9 | 240825.00 |
| 190000000 | Prior Period Income | RP-11 | 4400.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 21809679.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6118502.00 |
| 460000000 | Loans, Advances and Deposits | RP-49 | 760724.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 42446.00 |
| 330000000 | Secured Loans | RP-31 | 1060000.00 |
| 340000000 | Deposits Received | RP-33 | 957591.00 |
| 350000000 | Other Liabilities | RP-35 | 827846.00 |

| | | | |
|---|---|---|---|
| | Grand total | | 78142300.00 |
| | PAYMENTS | | |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1250.00 |
| 140000000 | Fees & User Charges | RP-4 | 340.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 406.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1644943.00 |
| 460000000 | Loans, Advances and Deposits | RP-49 | 1601200.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 851179.00 |
| 350000000 | Other Liabilities | RP-35 | 25417763.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 48553839.00 |
| Cash | Cash | RP-40(b) | 71380.00 |
| | Grand Total | | 78142300.00 |

Malampuzha Grama Panchayat BALANCE SHEET

As on 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 8908186.77 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 54650783.00 |
| | Total Reserve & Surplus | | 63558969.77 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 36547656.00 |
| | Total Grants, Contributions for Specific Purposes | | 36547656.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 14417170.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 14417170.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 348889.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3702183.23 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 4051072.23 |
| | TOTAL LIABILITIES | | 118574868.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 197918.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1828338.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 20261266.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 62228950.00 |
| 416000000 | Accumulated Depreciation | B-11(a) | -34194795.00 |
| | Total Fixed Assets | | 50321677.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 253200.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 253200.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2792084.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 13357170.00 |
| 450000000 | Cash and Bank Balance | B-17 | 48625219.00 |
| 460000000 | Loans, Advances and Deposits | B-18 | 3225518.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 67999991.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 118574868.00 |

Deputy Director